## കോവിഡും സന്യാസിയും

കോവിഡ് മഹാമാരി പെയ്തിറങ്ങിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഭൂലോകത്ത് നിന്ന് കോടിക്കണക്കിന് മനുഷ്യർ യാത്ര പറഞ്ഞ് പോയിരിക്കുന്നു. ഇനിയും ആ കുഞ്ഞൻ അണുവിന്റെ ഉറവിടം കണ്ടെത്താനോ പ്രതിവിധി ഉണ്ടാക്കാനോ കഴിയാതെ ശാസ്ത്രലോകം തരിച്ച് നിൽക്കുന്നു. ചെറുക്കാനായിട്ട്, യുദ്ധ സന്നാഹ മനസ്സുമായിട്ട് എല്ലാ മനുഷ്യരും കൂടെയുണ്ട്.

ഇടക്കിടക്ക് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വാർത്തകൾ വിപിന ചന്ദ്രനെ ശുണ്ഠി പിടിപ്പിച്ചു കൊണ്ടിരുന്നു.

ചൈന പരീക്ഷണശാലയിൽ നിർമ്മിച്ചെടുത്തതാണ് കോവിഡ് വൈറസ്സ്.... അടുത്ത ലോക മഹായുദ്ധത്തിന് ആയുധമാക്കാനിരിക്കെ കെട്ടുപൊട്ടിച്ച് പുറത്ത് ചാടി പടർന്നാതാണ്.... അതല്ല, ലോകത്താകമാനം വിതറിയിട്ട് മറു മരുന്നുണ്ടാക്കി വില്പന പിടിക്കാനുള്ള തന്ത്രമാണ്, എന്നൊക്കെ....

വിപിനചന്ദ്രന് ഒരു പഴയ മനസ്സും പുതുകാലത്തെ ഇടതുപക്ഷ ചായ്‌വു മാണുള്ളത്.

അവൻ സ്വന്തം മുഖപുസ്തകത്തിൽ ഇങ്ങിനെ എഴുതി.

കോവിഡ് ഒരു പ്രകൃതി പ്രതിഭാസമാണ്. പ്രകൃതി സ്വന്തം സന്തുലിതാവസ്ഥ നിലനിർത്താനായിട്ട് നടത്തുന്ന പ്രതി പ്രവർത്തനമാണ്. ചരിത്രത്തിൽ പല കാലങ്ങളിലും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്, പല ജീവജാലങ്ങളും നശിച്ചു പോയിട്ടുണ്ട്....

രണ്ട് നാലു ദിവസങ്ങൾ കൊണ്ട് വിപിനചന്ദ്രന്റെ പോസ്റ്റ് വൈറലായി.... പ്രതികരണങ്ങളെ കൊണ്ട് മുഖപുസ്തകത്തിന് ശ്വാസം മുട്ടി....ഓക്സിജനും വെന്റിലേറ്ററും കിട്ടാതെ വലഞ്ഞു.

ആനന്ദാധിരേഖത്തോടെ, വിപിനചന്ദ്രൻ ഫെയ്സ്ബുക്കിലേക്ക് നോക്കിയിരിക്കവെ നൂറു കണക്കിന്, ആയിരക്കണക്കിന് അമിട്ടുകൾ ആകാശ വിതാനത്തേക്ക് പൊങ്ങിയുയർന്ന് പൊട്ടി വിടർന്നു.

അതുകളെല്ലാം പൊങ്കാലകളായിരുന്നു.

തെറിപൊങ്കാലകൾ...

വിപിനചന്ദ്രൻ ഞെട്ടി വിറച്ചു, കണ്ണുകൾ തുറിച്ചു, കണ്ഠമിടറി, ഒരു നിമിഷം നിശ്ചലനായി ഇരുന്നു.

പിന്നീട്,

ശ്വാസം നിലച്ച് വെന്റിലേറ്ററിലേക്ക് പോകാതെ, മുഖ പുസ്തകത്തിന്റെ കണക്ക് തീർത്ത്, തുന്നി കെട്ടി വച്ച്, സന്യാസം സ്വീകരിച്ച് കാടകം പൂകി.

@